FRIDAY 01/08/2025 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: SINDHU. KS** **Editor: Dr. V. Krishnadas**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 01/08/2025

1. കുമ്പളങ്ങി പാടത്ത് ഡ്രോൺ വിജയകരമായി പരീക്ഷിച്ച് കേരള കാർഷിക സർവകലാശാല. പാടത്തെ ചെളിയും വെള്ളവും ഇനി വിത്ത് വിതയ്ക്കാൻ ഒരു തടസ്സമല്ല. പൊക്കാളി പോലുള്ള പാടങ്ങളിൽ വിത്ത് വിതയ്ക്കുന്നതിൽ കർഷകർ നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നാണ് പാടത്തെ ചെളിയും വെള്ളക്കെട്ടും. ലോക ബാങ്കിന്റെ ധനസഹായത്തോടെ കാർഷിക സർവകലാശാലയും, കൃഷിവകുപ്പും, പുതുതലമുറ സ്റ്റാർട്ടപ്പായ ഫ്യൂസിലേജ് ഇന്നോവേഷനും സംയുക്തമായാണ് ഈ ഉദ്യമത്തിന് നേതൃത്വം നൽകിയിരിക്കുന്നത്. ഏകദേശം 10 കിലോഗ്രാം വിത്ത് വിതയ്ക്കാൻ ശേഷിയുള്ള ഡ്രോൺ ആണ് ഉപയോഗിക്കുന്നത്. മുള പൊട്ടി തുടങ്ങിയ പാകത്തിലുള്ള വിത്തുകൾ ഒരു ഏക്കർ പാടത്ത് വിതയ്ക്കുന്നതിനായി ഏകദേശം 20 മുതൽ 25 മിനിറ്റ് സമയം മാത്രമാണ് ഡ്രോണിന് വേണ്ടി വരുന്നത്. ഇതുവഴി ഒരു ഏക്കറിൽ വിതക്കുമ്പോൾ സാധാരണയിൽ നിന്നും 10 കിലോഗ്രാം വരെ വിത്ത് ലാഭിക്കാനും കൂടുതൽ ഏകീകൃതമായ വളർച്ച ഉറപ്പുവരുത്തുവാനും ഇതിലൂടെ കഴിയും. ഡ്രോണിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിലൂടെ സമയം ലാഭമുള്ളതിനാൽ കൂടുതൽ ശേഷിയുള്ള ഡ്രോണിനായി പരീക്ഷണങ്ങൾ നടന്നുവരികയാണ്. സാങ്കേതികവിദ്യകളുടെ പ്രയോഗത്തിലൂടെ നെൽകൃഷി മേഖലയിലെ കർഷകരുടെ അധ്വാനഭാരം കുറയ്ക്കുന്നതിനുള്ള സർവകലാശാലയുടെ പ്രയത്നങ്ങളുടെ ഭാഗമായാണ് വിത്ത്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിതയ്ക്കുന്നതിനുള്ള ഡ്രോണുകൾ ഈ മേഖലയിൽ പരീക്ഷിക്കുന്നതെന്ന് കാർഷിക സർവകലാശാല അഗ്രി ബിസിനസ് ഇൻക്യൂബേറ്റർ മേധാവി ഡോ. കെ. പി സുധീർ വ്യക്തമാക്കി.

2. കേരള കാര്ഷിക സര്വ്വകലാശാലയുടെ കീഴിൽ തൃശ്ശൂർ വെള്ളാനിക്കര ക്യാമ്പസിലെ കോളേജ് ഓഫ് കോ-ഓപ്പറേഷൻ, ബാങ്കിങ് & മാനേജ്മെന്റിൽ നടത്തിവരുന്ന എം.ബി.എ. (അഗ്രി. ബിസിനസ് മാനേജ്മെന്റ്) പ്രോഗ്രാമിലെ 2025-26 അദ്ധ്യയന വർഷത്തെ ഒഴിവുള്ള സീറ്റുകളിലേക്ക് അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സമയ പരിധി 08.08.2025 തീയ്യതി വരെ ദീർഘിപ്പിച്ചിരിക്കുന്നു. യോഗ്യത, അപേക്ഷാ ഫീസ് എന്നിവയടക്കമുള്ള വിശദമായ പ്രോസ്പെക്ടസ് ഡൗൺലോഡ് ചെയ്യുന്നതിനും ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

3. ക്ഷീരകർഷകർക്ക് ആശ്വാസമായി സർക്കാരിന്റെ ധനസഹായം. ഉത്പാദനച്ചെലവ് വർദ്ധിക്കുന്ന സാഹചര്യത്തിൽ വൈക്കോൽ, തീറ്റപ്പുല്ല്, സൈലേജ് എന്നിവയ്ക്ക് ധനസഹായം നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതിയായി. ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് ഒരുകിലോഗ്രാം വൈക്കോലിന് നാലുരൂപയും തീറ്റപ്പുല്ല്, സൈലേജ് എന്നിവയ്ക്ക് കിലോഗ്രാമിന് മൂന്നുരൂപ നിരക്കിലുമാണ് സഹായം നൽകുക. രണ്ടിനുംകൂടി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരമാവധി 5,000 രൂപവരെ ഒരുകർഷകന് നൽകാമെന്നാണ് നിർദേശം. എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും ഇതിനാവശ്യമായ പ്രോജക്ട് തയ്യാറാക്കാം. ക്ഷീര സഹകരണ സംഘങ്ങൾ മുഖേനയാണ് സഹായവിതരണം നടത്തുക. നിലവിൽ ക്ഷീരകർഷകർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഒരുലിറ്റർ പാലിന് മൂന്നുരൂപ നിരക്കിൽ ഇൻസെൻ്റീവാണ് നൽകുന്നത്. ഇതുകൂടാതെ, കറവപ്പശുവിനെ വാങ്ങാനും സഹായം നൽകുന്നുണ്ട്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഡിനേഷൻ കമ്മിറ്റി യോഗതീരുമാനത്തിൻറെ അടിസ്ഥാനത്തിലാണ് വൈക്കോലിനും തീറ്റപ്പുല്ലിനുംകൂടി സഹായമെത്തിക്കാൻ തീരുമാനിച്ചത്. പശുവിന് ഒരുദിവസം 20 കിലോ വൈക്കോലെങ്കിലും നൽകണമെന്നതിനാൽ കർഷകന് വലിയതുക ചെലവാക്കേണ്ടിവരുന്നുണ്ട്. അതിനാൽ, പുതിയ തീരുമാനം ക്ഷീരകർഷകർക്ക് ആശ്വാസമാകും.

4. കേരള കാർഷിക സർവകലാശാലയുടെ വെള്ളാനിക്കരയുള്ള ബയോടെക്നോളജി ഡിപ്പാർട്മെന്റിൽ ടിഷ്യുക്കൾച്ചർ ഗ്രാൻഡ് നെയ്ൻ വാഴതൈകൾ 20 രൂപ നിരക്കിലും നല്ലയിനം ഇഞ്ചിതൈകൾ 5 രൂപ നിരക്കിലും വില്പനക്ക്. ബന്ധപ്പെടേണ്ട നമ്പർ:. 9048178101

**പരിശീലന പരിപാടി**

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "കൂൺ കൃഷി" എന്ന വിഷയത്തിലും , "നഴ്സറി

പരിപാലനവും സസ്യ പ്രവർദ്ധനരീതികളും (ബഡിംഗ് ആന്റ് ഗ്രാഫ്റ്റിംഗ്)" എന്നീ 2 വിഷയങ്ങളിൽ 2025 ആഗസ്റ്റ് 2ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് ഓരോ വിഷയത്തിനും 300/- രൂപ. താൽപര്യമുള്ളവര് **9400483754** എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയങ്ങളിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

2. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻ്റ ആഭിമുഖ്യത്തിൽ "പോത്ത് വളർത്തൽ" എന്ന വിഷയത്തിൽ 06/08/2025 ന് പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ അടിസ്ഥാന പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491- 2815454 എന്ന നമ്പറിൽ ഓഫീസ് സമയത്ത് വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻ്റെ പകർപ്പ് കൊണ്ടുവരേണ്ടതുമാണ്.

3. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഗസ്റ്റ് മാസം 6, 7 തീയതികളിൽ മുട്ടകോഴി വളർത്തൽ എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ : 0469 – 2965535.

4. ക്ഷീരവികസന വകുപ്പിൻ്റെ തിരുവനന്തപുരം, പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ഓഗസ്റ്റ് 04 മുതൽ 08 വരെ "ശാസ്ത്രീയമായ പശുപരിപാലനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിനബത്തയും, 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിൻ്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിൻ്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 ഓഗസ്റ്റ് 2 – ാ ം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911 മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം.പി.ഒ., തിരുവനന്തപുരം –695004, Email ID:principaldtctvm@gmail. Com

**<u>കാർഷിക നിർദേശം</u>**

1. പച്ചക്കറികൾക്ക് ഉപയോഗിക്കുന്ന സ്യൂഡോമോണാസ്, ട്രൈക്കോഡെർമ്മ, ബിവേറിയ തുടങ്ങിയ ജീവാണു കുമിൾനാശിനികൾ മണ്ണുത്തിയിലുള്ള സെയിൽസ് സെന്റർ, വെള്ളാനിക്കരയിലെ സെൻട്രൽ നേഴ്സറി, ഹോർട്ടിക്കൾച്ചർ കോളേജിലെ BCCP യൂണിറ്റ്, കണ്ണാറ വാഴ ഗവേഷണ കേന്ദ്രം എന്നിവിടങ്ങളിൽ ലഭ്യമാണ്.